I/77535/2022

**തദ്ദേശസ്വയംഭരണവകുപ്പ് പ്ലാനിംഗ്, ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കണ്ണൂർ**

**ജില്ലാനഗരാസൂത്രകന്റെ നടപടിക്രമം**

വിഷയം :- തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്- ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കണ്ണൂർ-ഇരിട്ടി താലൂക്ക്-മട്ടന്നൂർ മുനിസ്സിപ്പാലിറ്റി-പഴശ്ശി വില്ലേജ്-റീ.സ.നമ്പർ 10/102,103, 176, 172 പെട്ട സ്ഥലത്ത് ഗ്രൂപ്പ് ഐ അപായ സാദ്ധ്യതാഗണത്തിൽ പെടുന്ന ഒരു പെട്രോളിയം റീറ്റെയ്ൽ ഔട്ട് ലെറ്റ് നിർമ്മിക്കുന്നതിന് ഭ്രവുപയോഗത്തിനും ലേഔട്ടിനും അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം: - 1) KMBR-2019 ചട്ടം 30

2) ശ്രീ. പുതിയകാവിൽ ഉണ്ണികൃഷ്ണൻ & ശ്രീ.പുതിയകാവിൽ പാർത്ഥസാരഥി, വളളിൽ ഹൗസ്, നെല്ലൂന്നി,മട്ടന്നൂർ(പി.ഓ), കണ്ണൂർ എന്നിവർ 18/11/2022 തീയതിയിൽ സമർപ്പിച്ച അപേക്ഷ.

---

**ഉത്തരവ് നമ്പർ TCPKNR/546/2022-C** **തീയതി 02-12-2022**

---

കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിൽ മട്ടന്നൂർ മുൻസിപ്പാലിറ്റി പരിധിയിൽ പഴശ്ശി വില്ലേജിൽ റി. സ. നമ്പർ 10/102, 103, 176, 172 ൽ സ്ഥിതി ചെയ്യുന്ന 818 ച.മീ വിസ്തൃതിയുള്ള പ്ലോട്ടിൽ (plot area demarcated for petrol pump=818 sqm) (total plot area owned by applicants=1494 sqm ) ഗ്രൂപ്പ് ഐ അപായസാദ്ധ്യതാഗണത്തിൽ ഉൾപ്പെടുന്ന 272.40 ച.മീ വിസ്തീർണ്ണമുള്ള ഒരു പെട്രോളിയം റീട്ടെയിൽ ഔട്ട് ലെറ്റ് (സെയിൽസ് ബിൽഡിംഗ്-38.40 ച.മീ, കനോപി-234 ച.മീ) നിർമ്മിക്കുന്നതിന് ലേ ഔട്ട് അനുമതിക്കായി 1ശ്രീ.പുതിയകാവിൽ ഉണ്ണികൃഷ്ണൻ & ശ്രീ.പുതിയകാവിൽ പാർത്ഥസാരഥി, വളളിൽ ഹൗസ്, നെല്ലൂന്നി,മട്ടന്നൂർ(പി.ഓ), കണ്ണൂർ. എന്നിവർ സമർപ്പിച്ചിരുന്ന പ്ലാൻ പ്രകാരം , KMBR 2019 ചട്ടം 30 പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഭ്രവുപയോഗത്തിനും ലേ ഔട്ട് അനുമതിക്കും അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. KMBR 2019 ചട്ടം 5(4) പ്രകാരം താഴെ പറയുന്ന നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്നും , നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ എൻ.ഒ.സി/അനുമതി ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതി നൽകുവാൻ പാടുള്ളൂ.
2. KMBR 2019 ചട്ടം 9 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, അളവുകൾ, അതിരുകൾ, വിസ്തൃതി, ഭൂമിയുടെ തരം, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദ്ദിഷ്ടസ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നില്ല എന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
3. നിർമ്മാണം KMBR 2019 നും അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. KMBR-2019 ചട്ടം 34(2),(3) പ്രകാരം കെട്ടിടത്തിൽ വിഭാവനം ചെയ്ത ശുചീകരണ സംവിധാനങ്ങൾ സന്ദർശകർക്ക് കൂടി ഉപയോഗിക്കാവുന്ന രീതിയിൽ ഏർപ്പെടുത്തേണ്ടതാണ്.
5. മട്ടന്നൂർ മാസ്റ്റർ പ്ലാൻ പ്രകാരം മട്ടന്നൂർ-കൂത്തുപറമ്പ റോഡിനു 24.00 മീറ്റർ വീതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. ആയത് പാലിക്കേണ്ടതാണ്.
6. പ്രസ്തുത പ്ലോട്ടിലേക്ക് സുരക്ഷിതമായ ഗതാഗത പ്രവർത്തനങ്ങൾക്ക് സൈറ്റ് ഡിസ്റ്റൻസ് ലഭ്യമാകുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

7. KMBR-2019 ചട്ടം 76(1) പ്രകാരമുള്ള ഭൂഗർഭ ജല പോഷണ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്
8. KMBR-2019 ചട്ടം 42(3),(4) പ്രകാരം കെട്ടിടത്തിൽ വിഭാവനം ചെയ്ത disabled toilet, ടോയ് ലെറ്റിലേക്കുള്ള റാമ്പ് എന്നിവ ഏർപ്പെടുത്തേണ്ടതാണ്.
9. കൺകറൻസ് അംഗീകാരം നൽകികൊണ്ടുള്ള മുഖ്യനഗരാസൂത്രകന്റെ 10.11.2022 തീയ്യതിയിലെ TCPCTP/2015/2022-D3 നമ്പർ ഉത്തരവിൽ പറഞ്ഞ നിബന്ധനകൾ പൂർണ്ണമായും പാലിക്കേണ്ടതാണ്.

എൽ. എ നമ്പർ 69/2022 പ്രകാരം ജില്ലാ നഗരാസൂത്രകൻ അംഗീകരിച്ച കെട്ടിടവിന്യാസ വരപ്പുകൾ ഇതോടൊപ്പം അയക്കുന്നു.

ഇത് നിർമ്മാണത്തിനുള്ള അനുമതി പത്രമല്ല. ആയത് മുനിസ്സിപ്പാലിറ്റിയിൽ നിന്നും നിയമാനുസൃതം ലഭ്യമാക്കിയിരിക്കേണ്ടതാണ്.

ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ - 670 002

പി. രവികുമാർ
ടൗൺപ്ലാനർ, കണ്ണൂർ

To

സെക്രട്ടറി, മട്ടന്നൂർ മുനിസ്സിപ്പാലിറ്റി

പകർപ്പ്

1) ശ്രീ. പുതിയകാവിൽ ഉണ്ണികൃഷ്ണൻ, വളളിൽ ഹൌസ്, മട്ടന്നൂർ. പി.ഒ

2) ഫയൽ 3) കരുതൽ ഫയൽ